# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.474 — 11.12.2012 ൽ മറുപടി നല്കിയത്.

### ബസ് യാത്രക്കാരുടെ സുരക്ഷ

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി |
|---|---|---|
| (എ) ബസ്സ് യാത്രക്കാരെ ബസ് ജീവനക്കാർ മർദ്ദിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇത്തരം ചുരുക്കം ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത കേസ്സുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം നൽകുമോ; | (ബി) | വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) യാത്രക്കാരുടെ സുരക്ഷയ്ക്കായി ബസ്സ് സ്റ്റേഷനുകളിൽ പ്രത്യേക സ്ക്വാഡുകൾ (റെയിൽവേയുടേത് പോലെ) രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;<br>(ഡി) എങ്കിൽ വിശദാംശം നൽകുമോ? | (സി& ഡി) | കെ.എസ്.ആർ.ടി.സി.ബസ് സ്റ്റേഷനുകളിൽ യാത്രക്കാരുടേയും, ജീവനക്കാരുടേയും സുരക്ഷയ്ക്കായി മുഴുവൻ സമയവും സെക്യൂരിറ്റി ജീവനക്കാരേയും പ്രധാന ബസ് സ്റ്റേഷനുകളിൽ പോലീസ് എയ്ഡ് പോസ്റ്റുകളും നിലവിലുള്ളതിനാൽ, പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. ചടയമംഗലം യൂണിറ്റിലെ ഡ്രൈവർ ശ്രീ.കെ.കലേഷ് കുമാർ ബസ്സിലെ യാത്രക്കാരനെ മർദ്ദിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ടി കേസ്സിൽ ടിയാനെതിരെ KCS (CC&A) Rules 1960 ചട്ടം 16 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

2. 09/05/2012 ൽ യാത്രക്കാരിയോട് മദ്യലഹരിയിൽ അപമര്യാദയായി പെരുമാറിയതിനും കയ്യേറ്റം ചെയ്തതിനും (ഡ്യൂട്ടിയിലില്ല) പുനലൂർ യൂണിറ്റിലെ ഡ്രൈവർ ശ്രീ.വൈ.ഷാജിക്കെതിരെ KCS (CC&A) Rules 1960 ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

3. 15/11/2011 -ൽ അയ്യപ്പ ഭക്തന്മാരെ കയ്യേറ്റം ചെയ്തതിന് പത്തനംതിട്ട യൂണിറ്റിലെ ഡ്രൈവർ ശ്രീ.ജെ. ജോസഫിനെ സസ്പെന്റ് ചെയ്യുകയും KCS (CC&A) Rules 1960 ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

4. 13/11/2012 ൽ യാത്രക്കാരനോട് അപമര്യാദയായി പെരുമാറുകയും മർദ്ദിക്കുകയും ചെയ്തതിന് കോട്ടയം യൂണിറ്റിലെ ഡ്രൈവർ ശ്രീ.കെ.എം.രാജേഷിനെ സസ്പെന്റ് ചെയ്യുകയും KCS (CC&A) Rules 1960 ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

5. 15/10/2011 ൽ യാത്രക്കാരനെ കയ്യേറ്റം ചെയ്തതിന് പേരൂർക്കട യൂണിറ്റിലെ ഡ്രൈവർ ശ്രീ. സി.വി.വീരാൻകുട്ടിക്കെതിരെ KCS (CC&A) Rules ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

6. യാത്രക്കാരനെ മർദ്ദിച്ചെന്ന പരാതിയിന്മേൽ കണിയാപുരം യൂണിറ്റിലെ എം പാനൽ കണ്ടക്ടർ ശ്രീ.സി,കൃഷ്ണകുമാറിനെ നോർത്ത് പറവൂർ യൂണിറ്റിലേക്ക് സ്ഥലം മാറ്റം ചെയ്തിട്ടുണ്ട്.

7. യാത്രക്കാരനെ കയ്യേറ്റം ചെയ്തെന്ന പരാതിയിന്മേൽ പാല യൂണിറ്റിലെ കണ്ടക്ടർ ശ്രീ.കെ.വി.പ്രകാശിനെതിരെ യൂണിറ്റ് തലത്തിൽ അന്വേഷണം നടത്തി വരുന്നു.

8. 09/11/2012 ൽ കാട്ടാക്കട യൂണിറ്റിലെ പമ്പ് ഓപ്പറേറ്റർ ശ്രീ.എസ്.അജികുമാർ, എംപാനൽ ഡ്രൈവർ ശ്രീ.ബി.സുരേഷ് എന്നിവർ ഒരു യാത്രക്കാരനെ മർദ്ദിച്ചുവെന്ന പരാതിയിൽ കാട്ടാക്കട പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

9. 23/02/2012 ൽ എറണാകുളം ഡിപ്പോയിലെ എംപാനൽ കണ്ടക്ടർ ശ്രീ.ബിനു തോമസ്സും, 17/09/2012 ൽ തൊടുപുഴ യൂണിറ്റിലെ കണ്ടക്ടർ ശ്രീ.ഷാജു മാത്യുവും (സ്ഥിരം) ഒരു യാത്രക്കാരനെ മർദ്ദിച്ചുവെന്ന പരാതിയിന്മേൽ വൈക്കം മജിസ്ട്രേറ്റ് കോടതിയിൽ കേസ് നിലവിലുണ്ട്.

10. 13/09/2012 ൽ വെഞ്ഞാറമൂട് യൂണിറ്റിലെ എംപാനൽ കണ്ടക്ടർ ശ്രീ.എസ്.എസ്.ഷിബുകുമാറും ഒരു യാത്രക്കാരനും തമ്മിൽ കയ്യേറ്റം നടന്നതിന്റെ പേരിൽ പോലീസ് കേസ് നിലവിലുണ്ട്.

11. 09/11/2011 ൽ യാത്രക്കാരനെ കയ്യേറ്റം ചെയ്തുവെന്ന പരാതിയിന്മേൽ താമരശ്ശേരി യൂണിറ്റിലെ കൺട്രോളിംഗ് ഇൻസ്പെക്ടർ ശ്രീ.എം.വേലായുധൻ,ഗാർഡ് ശ്രീ.ഇബ്രാഹിംകുട്ടി മെക്കാനിക് ശ്രീ.റ്റി.പി.ഷാജി, ഡ്രൈവർ ശ്രീ.എ.പി.മുജീബ്റഹ്മാൻ, കണ്ടക്ടർ ശ്രീ.ജയരാജ് എന്നിവർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.